ശ്രീ രാം ചന്ദ്ര മിഷൻ®

സ്വകാര്യ പ്രചരണത്തിനു മാത്രം

മെയ് 2013 വാല്യം 6 ലക്കം 3

ECHOES INDIA

# പൂജ്യ ബാബുജി മഹാരാജിൻെറ 114– ാ൦ ജന്മദിന വാർഷികാഘോഷം





തിരുപ്പൂരിലെ ഡയമണ്ട് ജൂബിലി പാർക്കിൽവെച്ച് അടുത്തീയിടെ നടത്തിയ പൂജ്യ ബാബുജി മഹാരാജിൻെറ 114–ാ൦ ജന്മ വാർഷികാഘോഷങ്ങളിൽ നമ്മുടെ പൂജ്യ മാസ്റ്റർ ഒരിക്കൽ കൂടി തൻെറ അളവറ്റ സ്നേഹം നമ്മിലെല്ലാവരിലും ചൊരിയുകയും മിഷനെ അതിൻെറ മറ്റൊരു നാഴികക്കല്ലു കൂടിതാണ്ടുവാൻസഹായിക്കുകയും ചെയ്തു.

26 –ാ൦തിയതി ബ്രദർ കമലേഷ് തിരുപ്പൂരിലെത്തി. പ്രവർത്തന സജ്ജമായിരുന്ന ചില സൗകര്യങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്തു. രാവിലെ 6.30, 11 മണി, വൈകീട്ട് 5.30 തുടങ്ങി ദിവസവും മൂന്നു സത്സംഗങ്ങൾ, 29–ാ൦ തിയതിവരെ ഉണ്ടായിരുന്നു. വളൻറിയർമാക്കായി 27,28 തിയതികളിൽ രാത്രി 9 മണിക്ക് സത്സംഗം നടത്തി. രാവിലത്തെ സത്സംഗത്തിനുശേഷം അദ്ദേഹം അഞ്ചുവിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28–ാ൦ തിയതിമുതൽതന്നെ അഭ്യാസികളുടെ ഒഴുക്ക് ആരംഭിച്ചിരുന്നു. ആഘോഷപരിപാടികളുടെ സുഗമമായ നടത്തിപ്പിൻ സഹായകമായി എല്ലാസൗകര്യങ്ങളും കൃത്യമായി നടപ്പാക്കുന്നതിന് അവർ വളൻറിയർമാരെ സഹായിച്ചു. താമസസൗകര്യങ്ങൾ,ഭക്ഷണശാല, അടുക്കള, സുരക്ഷ, വെള്ളം വിതരണം, ശുചിത്വം, കാൻറീൻ, കുട്ടികൾക്കായുള്ള സെൻറർ,പ്രസിദ്ധീകരണ സ്റ്റാൾ തുടങ്ങിയവ എല്ലാം പ്രവർത്തന സജ്ജമാവുകയും അഭ്യാസികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനു സഹായകമാവുകയും ചെയ്തു. ആവശ്യമുള്ളിടത്തെല്ലാം അഭ്യാസികളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഒരു കുട്ടി പറഞ്ഞതു പോലെ "വളൻറിയർമാർ ഹൃദയപൂർവ്വം പ്രവർത്തിക്കുന്നത് ഞാൻ കണ്ടു".



നമ്മുടെ ഭണ്ഡാരകൾ ആദ്ധ്യാത്മിക ദീപ്തി പരത്തുന്ന സന്ദർഭങ്ങളാണ്. ആദ്ധ്യാത്മിക പെരുമയോടെയും ഭൗതിക സരളതയോടെയും എങ്ങിനെ ജീവിക്കാമെന്ന് അവ നമ്മെ പഠിപ്പിക്കുന്നു. ഏപ്രിൽ 29 ന്നടത്തിയ തൻെറ പ്രഭാഷണത്തിൽ ബ്രദർ കമലേഷ് ഇക്കാര്യത്തിന് ഊന്നൽ നൽകി. അദ്ദേഹം ബാബുജിയുടെ രണ്ടു സന്ദേശങ്ങൾ വായിക്കുകയും മനുഷ്യ പ്രകൃതിയുടെ പുനർജ്ജീവനത്തിൽ






അഭ്യാസിയുടെ പങ്കിനെ പ്രതിപാദിക്കുകയും ചെയ്തു.മാസ്റ്റർ വീഡിയോപ്രദർശനത്തിലൂടെ അഭ്യാസികളെ അഭിസംബോധനചെയ്യാൻ സാദ്ധ്യതയുണ്ടെന്ന് 29–ാം തിയതി അറിയിച്ചപ്പോൾ അവരുടെ സന്തോഷം പ്രകടമായിരുന്നു. മാസ്റ്റർ ധ്യാനഹാളിലെ കൂറ്റൻ സ്ക്രീനുകളിൽ പ്രത്യക്ഷപ്പെടുന്ന ആ നിമിഷത്തിലേക്ക് അപ്പോൾമുതൽ സമയം നീക്കുകയായിരുന്നു.അദ്ദേഹം മണപ്പാക്കത്തെ ബാബുജി മെമ്മോറിയൽ ധ്യാനഹാളിൽ എത്തിയപ്പോൾ ഹൃദയങ്ങൾ സ്നേഹനിർഭരവും കണ്ണുകൾ ഈറനണിഞ്ഞതുമായി. സ്നേഹത്തിൻേറയും കൃതജ്ഞതയുടെയും നിമിഷമായി അതുമാറി. തുടർന്നുനടത്തിയ സത്സംഗവും ബാബുജി മഹരാജിൽനിന്നും ലഭിച്ച പ്രത്യേക സന്ദേശവും മിഷനും അഭ്യാസികളും ദൈവീക സുരക്ഷയിലാണെന്ന് ഓർമ്മിപ്പിക്കുവാൻ സഹായിച്ചു. “ഹൃദയത്തിൻെറ പരിപൂർണ്ണമായ സമർപ്പണവും ശ്രമകരമല്ലാത്ത നിത്യേനയുള്ള പരിശീലനവും ആദ്ധ്യാത്മിക ഹൃദയത്തെ ,അതിൻെറ പരമോന്നത ഉദ്ദിഷ്ട ലക്ഷ്യത്തിലേക്കുയർത്തും.” എന്ന് ബാബുജി മഹരാജ് തൻെറ സന്ദേശത്തിലൂടെ അറിയിച്ചു.

28–ാം തിയതി നടന്ന വിവാഹങ്ങൾക്കുപുറമെ 29–ാം തിയതി നാലും,30ന് മൂന്നും 1ന് നാലും വിവാഹങ്ങൾബ്രദർ കമലേഷ്നടത്തി. ലാളിത്യത്തിനും ,ഭാഷയുടേയും സംസ്കാരത്തിൻേറയും അതിരുകൾഭേദിച്ച് കുടുംബങ്ങളെ കോർത്തിണക്കുന്നതിനും ഉത്തമ ഉദാഹരണങ്ങളായി, സഹജമാർഗരീതിയിൽ നടത്തിയ ഈ വിവാഹങ്ങൾ.

33,000 അഭ്യാസികളും കുട്ടികളും ഈ വർഷത്തെ ആഘോഷത്തിൽ പങ്കെടുത്തു. നൂറു കണക്കിനു മൈലുകൾ ദൂരെ നിന്നു ഹൃദയത്തിൽ നിന്നു ഹൃദയത്തിലേക്ക് നൽകുന്ന മാസ്റ്ററുടെ നിർദ്ദേശങ്ങളിലൂടെ പ്രവർത്തിച്ചിരുന്ന ഒരു കൂട്ടം അർപ്പണം ചെയ്തവരുടെ പ്രവർത്തനത്താൽ മൂന്നുദിവസത്തോളം ഏവരും സന്തോഷത്തോടെ ഒരു കുടുംബമായി ജീവിച്ചു. ശരാശരി 25000 പേർക്ക്, ദിവസത്തിൽ മൂന്നു തവണ വീതം ഭക്ഷണം തയ്യാറാക്കിയിട്ടും ‘അപ്രസക്തമായ പാഴാക്കൽ’ ഒഴിവാക്കാനായ അടുക്കളയുടെ പ്രവർത്തത്തെപ്പറ്റി എന്തുപറയാനാവും? ഭണ്ഡാര പരിസരത്തിൽ ഇരുപത്തിമൂന്നു സുരക്ഷാകേന്ദ്രങ്ങളിലായി ദിവസം മൂന്നു തവണകളിലായി അഭ്യാസി സഹോദരർ പ്രവർത്തിച്ചിരുന്നു. ഏകദേശം രണ്ടുമാസങ്ങൾക്കു മുൻപായി പ്രവർത്തിച്ചുതുടങ്ങിയ താമസ സൗകര്യം ഒരുക്കിയ സഹോദരിസഹോദരന്മാർ, ചുരുങ്ങിയ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് താമസം കഴിയുന്നത്ര സുഖപ്രദമാക്കുവാൻസഹായിച്ചു. ഈച്ച തുടങ്ങിയപ്രാണികളുടെ അഭാവം –പ്രത്യേകിച്ച് അടുക്കളയിലും കാൻറീനിലും –ശ്രദ്ധേയമായിരുന്നു. ശുചിത്വമേലയിലെ പ്രവർത്തകരും ശുദ്ധീകരണസംവിധാനം കൈകാര്യം ചെയ്തിരുന്നവരും ഒത്തൊരുമയോടെ പ്രവർത്തിച്ച് ഏവർക്കും ആരോഗ്യപ്രദവും സുകരവുമായ താമസം പ്രദാനം ചെയ്തു.നമ്മുടെ സുസൗകര്യങ്ങൾ ഒരുക്കുന്നതിനായി അവർ ഉറക്കമില്ലാതെ പ്രവർത്തിക്കുകയായിരുന്നു. വിവിധ ശുദ്ധീകരണ ലായനികളുടേയും പാഴ്വസ്തുക്കളുടേയും ഇടയിലായിരുന്നു അവർ വിശ്രമവേളകൾ കഴിച്ചുകൂട്ടിയത്. ഈ വർഷം യാത്രചെയ്യുമ്പോൾ ഉണ്ടായ അതിസാരത്തിൻെറ 102 സം














ഭവങ്ങൾ കൂടാതെ ഭണ്ഡാര സ്ഥലത്തുനിന്ന് അത്തരമൊരു അനുഭവമുണ്ടായില്ല എന്നത് അവരുടെ നിതാന്തശ്രദ്ധയുടേയും പ്രവർത്തനത്തിൻേറയും തെളിവായി. 2012 ൽ 202 കേസുക ളാണ്' രേഖപ്പെടുത്തിയത് എന്നത്ശ്രദ്ധേയമാണ്.

ഇതിനുപ്രധാന കാരണമായതു ശുദ്ധീകരിച്ച കുടിവെള്ളമാണ്. അതി കഠിനമായ ചൂടുള്ളതിരുപ്പൂരിൽമൂന്നുദിവസങ്ങളിലായി 6ലക്ഷം ലിറ്റർ കുടിവെള്ളവും 24 ലക്ഷം ലിറ്റർവെള്ളം മറ്റാവശ്യങ്ങൾക്കും ഉപയോഗിച്ചു. അഭ്യാസികളുടെ യാത്രസൗകര്യങ്ങൾക്കായി ചെയ്ത അതിവിപുലമായ സൗകര്യങ്ങൾ ശദ്ധേയമായിരുന്നു.

ആഘോഷത്തിൻെറ ഭാഗമായി വിവിധ പുതിയ പ്ര സിദ്ധീകരണങ്ങൾ പുറത്തിറക്കി. പ്രത്യേക പതിപ്പുകൾ, പുതിയ പുസ്തകങ്ങൾ, പുന: പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഇതിൻെറ ഭാഗമായിരുന്നു. തിരഞ്ഞെടുക്കുന്നതിനു സഹായകമായി മിഷൻ പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. മാസ്റ്റർമാരുടെ ഭംഗിയേറിയ ഫോട്ടോ പ്രദർശനവും ഇതോടൊപ്പം ഉണ്ടായിരുന്നു.

അഭ്യാസികൾ സത്സംഗങ്ങളിലും മറ്റുവിവിധപരിപാടികളിലും പങ്കെടുത്തപ്പോൾ കുട്ടികൾ അവരുടെ വയസ്സിൻെറ അടിസ്ഥാനത്തിൽ വിവിധ പരിപാടികളിൽ ഏർപ്പെട്ടു. 12–17 പ്രായത്തിലുള്ള കുട്ടികൾക്കായി പ്രവർത്തങ്ങൾ ആദ്യമായി ഒരുക്കിയത് ഈ വർഷത്തെ പ്രത്യേകതയായിരുന്നു. ഭണ്ഡാര നടക്കുന്നിടത്തെ വിവിധ വിഭാഗങ്ങളിലൂടെ ഇവരെ ചുറ്റികാണിച്ച് ഇത്തരം സന്ദർഭങ്ങളിൽ നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ വേണമെന്നു അവരെ ബോദ്ധ്യപ്പെടുത്തി.


സോണൽ ഇൻ ചാർജ്, സെൻെറർ ഇൻ ചാർജ്, ചരിത്രശേഖരണ വിഭാഗം തുടങ്ങിയവരുടെ മീറ്റിംഗുകളിൽ ബ്രദർ കമലേഷ് സം സാരിച്ചു. ഭാവിയിലെ പരിപാടികൾ ആസൂത്രണം നടത്തുന്നതിനു വിവിധ വളൻറിയർ സംഘങ്ങൾ കൂടിചേർന്നു.

താമസം സുപ്രദമാക്കുന്നതിനു രാവും പകലും അക്ഷീണം പ്ര വർത്തിച്ചവർ ഇനിയും ധാരാളമുണ്ട്. ആഘോഷവേളയിൽ സം ഭവിച്ചതെല്ലാം വാക്കുകളിൽ ഒതുക്കാനാവുന്നില്ലെന്നതാണു പരമാർത്ഥം. തൻെറ സമാപന പ്രഭാഷണത്തിൽ നിശ്ശബ്ദമായി, ആരുടേയും ശ്രദ്ധയാകർഷിക്കാതെ മാസ്റ്ററുടെ ഇച്ഛ നിറവേറ്റുന്നതിനായി പ്രയത്നിക്കുന്ന ദൈവീകതയുടെ പ്ര തിനിധികൾക്കു ബ്രദർ കമലേഷ് നന്ദിപറഞ്ഞു. പ്രിയപ്പെട്ട മാസ്റ്ററുടെ ജന്മദിനാഘോഷങ്ങളും ഈ വർഷം തിരുപ്പൂരിൽ തന്നെ നടത്തുമെന്ന അറിയിപ്പ് ഏവർക്കും ആനന്ദകരമായി. പ്രിയമുള്ളവൻ സ്നേഹത്താൽ നമ്മുടെ ഹൃദയം നിറയ്ക്കുന്ന ആ അവസരത്തിനായി സമയചക്രം ചലനമാരംഭിച്ചു കഴിഞ്ഞു.















**ഫെബ്രുവരി 2013**

മാസ്റ്റർ വളരെ തിരക്കിലായിരുന്നു, ആയതിനാൽ അദ്ദേഹം ക്ഷീണിതനുമായിരുന്നു. എല്ലാ ദിവസവും അദ്ദേഹം 3 പ്രിഫക്റ്റ് സിറ്റിംഗുകൾ നൽകിയിരുന്നു, കൂടാതെ മിക്ക ദിവസങ്ങളിലും അവിടെ കൂടിയിരിക്കുന്ന അഭ്യാസികൾക്കും അദ്ദേഹം സിറ്റിംഗ് നൽകിയിരുന്നു. ഇത്കൂടാതെ ശരീരവേദനയിൽനിന്ന് ആശ്വാസം ലഭിക്കുന്നതിനായി മാസ്റ്റർ ഫ്രാൻസിൽ നിന്നുള്ള പിയറെ എന്ന അഭ്യാസി സഹോദരനിൽ നിന്നും ചികിത്സ സ്വീകരിക്കുന്നുണ്ടായിരുന്നു. ഇത് അദ്ദേഹത്തിനു ആശ്വാസം നൽകിയിരുന്നു. ജോലിയുടെയും ആരോഗ്യത്തിന്റെയും സമ്മർദ്ദങ്ങളുണ്ടായിട്ടു കൂടി ഐഎസ്ടിപി-യിൽപങ്കെടുത്ത ഏകദേശം അമ്പതോളം അഭ്യാസികളെ ഗായത്രിയിലേയ്ക്ക് ക്ഷണിക്കാൻ അദ്ദേഹം സമയം കണ്ടെത്തി.

ലാലാജി മെമ്മോറിയൽ സ്കൂളിലെ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളെയും മാസ്റ്റർ ക്ഷണിച്ചിരുന്നു. അവരോടദ്ദേഹം എന്തും കാണാപാഠം പഠിക്കരുതെന്നും മറിച്ച് അവയെ സ്വാംശീകരിക്കുകയാണ് വേണ്ടതെന്നും പറഞ്ഞു. വിദ്യാർത്ഥികൾ ആവശ്യവും അനാവശ്യവുമായ കാര്യങ്ങളെക്കുറിച്ച് അപഗ്രഥനം നടത്തുകയും അവശ്യമായതിനെ സ്വാംശീകരിച്ച് അല്ലാത്തതിനെ തള്ളിക്കളയുകയും ചെയ്യണം. അദ്ധ്യാപകർ വിദ്യാർത്ഥികളെ ഈ വഴിയിൽ സഞ്ചരിക്കാൻ മാർഗനിർദേശങ്ങൾ നൽകണം.

ഒരഭ്യാസി താൻ ശുദ്ധീകരണം നടത്തുമ്പോൾ ഒരു ഷോക്ക് തന്റെ ശരീരത്തിലൂടെ കടന്നുപോകുന്നതായി അനുഭവപ്പെടുന്നുണ്ടെന്നും അതു ഭയപ്പെടുത്തുന്ന ഒരനുഭവമാണെന്നും പറഞ്ഞു. മാസ്റ്റർ അതിനോട് ഇങ്ങനെ പ്രതിവചിച്ചു, "ഈ ഭയത്തിന്റെയാതൊരാവശ്യവുമില്ല. എല്ലാവരും ഒരു ദിവസം മരിക്കേണ്ടവരാണ്, അത് ഒഴിച്ച്കൂടാൻ പറ്റാത്തതാണ്. അങ്ങനെയിരിക്കെ, എന്തിനെക്കുറിച്ചെങ്കിലും ഭയപ്പെടേണ്ടതുണ്ടോ?"

**മാർച്ച് 2013**

മാർച്ച് മാസം തുടക്കം മുതൽ മാസ്റ്റർ ഗായത്രിയിലായിരുന്നു. അതേസമയം കോട്ടേജിന്റെ പണി അന്തിമഘട്ടത്തിലായിരുന്നു. കോട്ടേജിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സഹോ.കൃഷ്ണ പതിവായി നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഒരു വലിയ സംഘം അഭ്യാസികൾ കോട്ടേജിനു ചുറ്റും പൂന്തോട്ടം നിർമ്മിക്കുന്നതിൽ വ്യാപൃതരായിരുന്നു.

മിക്ക അപരാഹ്നങ്ങളിലും, മാസ്റ്റർ 'ഉപനിഷദ് ഗംഗ' എന്ന പുതിയ ടെലിവിഷൻ പരമ്പര കാണാറുണ്ടായിരുന്നു. അദ്ദേഹം പൂർണമായും ഈ എപ്പിസോഡുകളിൽ മുഴുകിയിരുന്നു. മാസ്റ്ററുടെ അഭിപ്രായത്തിൽ ഉള്ളടക്കത്തിൽ മാത്രമല്ല സംവിധാനത്തിന്റെ കാര്യത്തിലും ഉന്നതനിലവാരം പുലർത്തുന്നതായിരുന്നു അവയെല്ലാം. മാർച്ച് 14 വ്യാഴാഴ്ച മാസ്റ്റർക്ക് കഠിനമായ കാലുവേദനയനുഭവപ്പെട്ടു. സ്കാനിംഗിനായി അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രണ്ട്-മൂന്ന് ദിവസത്തേയ്ക്ക് നടക്കരുതെന്നു ഡോക്ടർമാർ മാസ്റ്ററെ ഉപദേശിച്ചു. അദ്ദേഹത്തിനു വേദനസംഹാരികൾ നൽകുകയും ചെയ്തു.

**പുനഃരുദ്ധീകരിച്ച കോട്ടേജിന്റെ ഉദ്ഘാടനം**

മാർച്ച് 22 വെള്ളിയാഴ്ച, മാസ്റ്റർ ധ്യാനമന്ദിരത്തിൽ രാവിലെ 8:20-ന് എത്തിച്ചേർന്നു. അപ്പോഴും വന്നുകൊണ്ടിരുന്ന അഭ്യാസികൾക്കായി അദ്ദേഹം 15 മിനിറ്റ് കാത്തിരുന്നശേഷം 50 മിനിറ്റ് നീണ്ടുനിന്ന സത്സംഗം നടത്തി. ഒരു വിവാഹനിശ്ചയം നടത്തിയശേഷം അദ്ദേഹം മൂന്നു പുസ്തകങ്ങൾ പ്രകാശനം ചെയ്തു. തുടർന്ന് അദ്ദേഹം കോട്ടേജിലേക്ക് പോയി. "ആറുമാസമായി ഞാൻ ഇവിടെ നിന്നും പോയിട്ട്" എന്ന് അദ്ദേഹം അവിടെ കയറുമ്പോൾ പറഞ്ഞു. അദ്ദേഹം നാടമുറിക്കുകയും ഹാളിനു നടുവിൽ സ്ഥാപിച്ചിരുന്ന വിളക്ക് തെളിയിക്കുകയും ചെയ്തു. തന്റെ ശയന മുറിയിൽപ്രസാദം അർപ്പിച്ചശേഷം അത് അവിടെ സന്നിഹിതരായിരുന്ന എല്ലാവർക്കും വിതരണം ചെയ്തു. തന്റെ മുപ്പതാം പിറന്നാൾ ദിവസം തനിക്കു പ്രായമേറെയായതുപോലെ അനുഭവപ്പെട്ടു എന്ന് ഒരു സഹോദരി അഭിപ്രായപ്പെട്ടു. "നിങ്ങളേക്കാൾ മൂന്നിരട്ടി പ്രായമുണ്ടായിട്ടും എനിക്കിപ്പോഴും യൗവനം അനുഭവപ്പെടുന്നു. വയസ്സേറുമ്പോൾ അതിനൊപ്പം വിവേകവും വരുന്നു. എനിക്കു പ്രായമായെന്നു തോന്നാറില്ല, എന്റെ ശരീരത്തിനു മാത്രമേ പ്രായമായിട്ടുള്ളൂ" എന്നു മാസ്റ്റർ പറഞ്ഞു. "മാസ്റ്റർ ഞാൻ വിരഹം എങ്ങിനെ കൈകാര്യം ചെയ്യണം" എന്നു അമേരിക്കയിൽനിന്നും വന്ന ഒരു അഭ്യാസി ആരാഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെപറഞ്ഞു, "താങ്കൾ ഒറ്റയ്ക്കായിരിക്കുമ്പോൾ മാസ്റ്റർ തങ്ങളുടെ മുന്നിൽ ഇരിക്കുന്നതായി സങ്കൽപ്പിക്കുക". "ഞാൻ അങ്ങനെ സങ്കൽപ്പിക്കാൻ തുടങ്ങുമ്പോൾ അത് യഥാർത്ഥമാണോ എന്ന സംശയം ഉടലെടുക്കുന്നു" എന്ന് ആ അഭ്യാസി പറഞ്ഞു. മാസ്റ്റർ അദ്ദേഹത്തിന് ഇങ്ങനെ ഉത്തരം നൽകി, "ഇതാണു പാശ്ചാത്യരായ അഭ്യാസികളുടെ കുഴപ്പം. ബുദ്ധിയിൽ നിന്നാണ് സംശയം ഉടലെടുക്കുന്നത്. ആറ്റം നിലനിൽക്കുന്നുവെന്ന് ഒരു ശാസ്ത്രജ്ഞൻ പറയുമ്പോൾ നിങ്ങൾ അത് വിശ്വസിക്കുന്നു. എന്തു കൊണ്ട് നിങ്ങൾ അതു അവിശ്വസിക്കുന്നില്ല? നിങ്ങൾ എപ്പോഴെങ്കിലും ആറ്റം കണ്ടിട്ടുണ്ടോ? ശാസ്ത്രവും ആദ്ധ്യാത്മികതയും തമ്മിലുള്ള വ്യത്യാസം ഇതാണ്, ശാസ്ത്രം എന്തുപറഞ്ഞാലും നാമതിനെ അംഗീകരിക്കും എന്നാൽ അദ്ധ്യാത്മികതയെ നാം സംശയിക്കും".

**അഷ്ടാംഗ യോഗയും സഹജമാർഗവും**

മാർച്ച് 27 ഹോളിയായിരുന്നു, വളരെ ക്ഷീണിതനായിരുന്നിട്ടു കൂടി അദ്ദേഹം സന്തോഷത്തോടെ അനേകം അഭ്യാസികളുമായി കൂടിക്കാഴ്ച നടത്തി. രാവിലെ എട്ടുമണിയോടെ മാസ്റ്ററുടെ കുടുംബം എത്തിച്ചേർന്നു. ഭാർഗവിന്റെ പിറന്നാളായിരുന്നതിനാൽ അദ്ദേഹം പ്രസാദം അർപ്പിക്കുകയും ഓഫീസിൽ സത്സംഗം നടത്തുകയും ചെയ്തു. ഉച്ചയ്ക്ക് അദ്ദേഹം 'ഉപനിഷത് ഗംഗ'യുടെ രണ്ട് എപ്പിസോഡുകൾ വീക്ഷിച്ചു.



തുടർന്ന്, എട്ട് അംഗങ്ങളുള്ള പരമ്പരാഗത യോഗയിൽനിന്നും പരിണമിച്ച് സഹജമാർഗം എങ്ങനെ ഉടലെടുത്തു എന്നതിനെക്കുറിച്ച് ഒരു ചർച്ചയുണ്ടായി. മാസ്റ്റർ ഇങ്ങനെ പറഞ്ഞു:

“യമവും നിയമവും സ്വഗൃഹത്തിൽ മാതാപിതാക്കളിൽ നിന്നും വിദ്യാലയങ്ങളിൽ അദ്ധ്യാപകരിൽ നിന്നും പഠിക്കേണ്ടതാണ്. ആസനങ്ങളും പ്രാണായാമവും – നമ്മൾ ധ്യാനിക്കുമ്പോൾ ശ്വസനം സ്വാഭാവികമായി ക്രമപ്പെടുന്നു. നാം ചിലപ്പോൾ അഗാധമായ ധ്യാനത്തിലാവുമ്പോൾ 2–3 നിമിഷങ്ങൾവരെ ശ്വാസോച്ഛ്വാസം ചെയ്യാതിരിക്കാറുണ്ട് അത് സ്വയമേവ സം ഭവിക്കുന്നതാണ്. പിന്നീട് തൃജിക്കുക, നേടുക തുടങ്ങിയവയെല്ലാം വിട്ട് പോകുന്നു. നാം ധ്യാനിക്കുന്നു. സൂത്രത്തിൽ പറയുന്ന പോലുള്ള ശിലാസമാനമാവുന്ന ഒന്നല്ല സമാധി. മറിച്ചു, അതു ആദിയിലുണ്ടായിരുന്ന ആന്തരിക സ്ഥിതിയാണ്. ആദിയെന്നാൽ ‘എല്ലാ സമയത്തിനും മുൻപുള്ളത്’ എന്നർത്ഥം. ഇതെല്ലമാണ് സഹജമാർഗ്ഗം പഠിപ്പിക്കുന്നത്. നിങ്ങൾ അഗാധമായ ധ്യാനത്തിലേക്ക് പോകുമ്പോൾ നിങ്ങൾക്കതനുഭവപ്പെടും. ഉദാഹരണത്തിന്, ഇന്ന് കാലത്തെ ധ്യാനത്തിൽ ഞാൻ തുടക്കത്തിൽ തന്നെ ധ്യാന നിമഗ്നനായി. ‘ദയവായി തുടങ്ങു’ എന്ന് പറഞ്ഞയുടൻ തന്നെ ഞാൻ മുഴുകിപ്പോയി. ഞാൻ നേരത്തെ പറഞ്ഞ പോലെ മഹാസമാധിയെന്തെന്ന് ഞാൻ മനസ്സിലാക്കുന്നു, കാരണം ധ്യാനത്തിൽ നിങ്ങൾ ഒരിക്കലും തിരിച്ചു വരാത്തവിധം ആമഗ്നനാവും. ആ അവസ്ഥയിൽനിന്നും തിരിച്ചുവരവ് ക്രമേണ വളരെ ബുദ്ധിമുട്ടുള്ള കാര്യമായിത്തീരുന്നു. ചിലപ്പോൾ സിറ്റിംഗ് തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞാലും എനിക്ക് തോന്നുക ഏതാനും നിമിഷങ്ങളെ കഴിഞ്ഞുള്ളൂ എന്നാണ്. രണ്ട് മൂന്ന് തവണ ‘ദാറ്റ്സ് ആൾ’ എന്ന് പറയണോ അതോ ‘ദയവായി ധ്യാനമാരംഭിക്കൂ’ എന്ന് പറയണോ എന്ന് ആശയക്കുഴപ്പത്തിലായിട്ടുണ്ട്. അതിനാൽ കണ്ണ് തുറന്ന് നോക്കി, അപ്പോൾ എല്ലാവരും ധ്യാനിക്കുന്ന കണ്ടപ്പോൾ ഞാൻ ‘ദാറ്റ്സ് ആൾ’ എന്ന് പറഞ്ഞു.

പുതിയ കോട്ടേജിൽ ആദ്യത്തെ ആഴ്ചയിൽ മാസ്റ്റർ ഭക്ഷണം കഴിക്കുന്നതിനായി ഭോജനശാലയിലേക്ക് വന്നിരുന്നു, പക്ഷെ പിന്നീടദ്ദേഹം തൻെറ മുറിയിലിരുന്ന് ഭക്ഷണം കഴിച്ചു തുടങ്ങി. നടക്കുന്നതിനിടെ തിരിയുമ്പോൾ അദ്ദേഹത്തിന് കാലുകളിൽ വേദനയുണ്ടായിരുന്നു. അത് അദ്ദേഹത്തിൻെറ കാൽമുട്ടുകളിൽ രൂക്ഷമായിരുന്നു.

**അഭ്യാസികളുമായുള്ള വിവിധ അനുഭവങ്ങൾ**

ഒരു ദിവസം പൂനെയിൽ നിന്നുമുള്ള ഒരു സഹോദരി മൃഗഡോക്ടറാകാൻ പഠിക്കുന്ന തൻെറ മകളുമൊത്ത് മാസ്റ്ററെ കാണുവാനായി വന്നു. അവരുടെ പഠന വിഷയങ്ങളിൽ താത്പര്യം പ്രകടിപ്പിച്ച മാസ്റ്റർ അവർ നടത്തിയിട്ടുള്ള വിവിധതരം ശസ്ത്രക്രിയകളെക്കുറിച്ച് ചോദിച്ചു.

ജബൽപ്പൂർ, ഗുഞ്ച് ബസോഡ എന്നീ സെൻററുകളിൽ നിന്നും അഭ്യാസികൾ കാണുവാനായി വന്നിട്ടുണ്ടെന്ന് മാസ്റ്ററെ അറിയിച്ചു. സന്തോഷവാനായ മാസ്റ്റർ ജബൽപ്പൂർ തൻെറ സ്വന്തം സെൻററാണെന്ന് പറഞ്ഞുകൊണ്ട് വൈകീട്ട് 5 മണിക്ക് അവരോട് വരുവാൻ പറഞ്ഞു. അഭ്യാസികൾ അണിനിരന്നപ്പോഴേക്കും മാസ്റ്റർ തയ്യാറായിരുന്നു. വ ളൻറിയർമാർക്ക് അദ്ദേഹത്തിൻെറ കസേരയും മറ്റും തയ്യാറാക്കുവാനായി ഓടേണ്ടി വന്നു. മാസ്റ്റർ നടത്തിയ സത്സം ഗത്തിനുശേഷം അദ്ദേഹത്തെ കാണുവാനായി തിരക്കുകൂട്ടി. അത് നിയന്ത്രണാതീതമായതോടെ മാസ്റ്റർ അസന്തുഷ്ടനായി കാണപ്പെട്ടു. അവർക്കായി പലഹാരങ്ങൾ വിതരണം ചെയ്തു. അദ്ദേഹത്തിൻെറ കാൽ തൊട്ടുവന്ദിക്കരുതെന്ന് പല ആവർത്തി അഭ്യർത്ഥിച്ചിട്ടും നിരവധി അഭ്യാസികൾ അപ്രകാരം ചെയ്തു. ഇത്തരം സംഭവങ്ങളെല്ലാം നമുക്ക് പാഠമാകണം, കൂടാതെ മാസ്റ്ററുടെ സന്നിധിയിൽ ഉചിതമായി പെരുമാറുവാനായി നമ്മിൽ മാറ്റങ്ങൾ വരുത്തണം.

**മാർച്ച് 31 ഞായറാഴ്ച**

സാമ്പത്തിക വർഷത്തിൻെറ അവസാന ദിവസമായതിനാൽ മാസ്റ്റർക്കന്ന് വളരെ തിരക്കുള്ള ദിനമായിരുന്നു. വരവുചിലവു കണക്കുകളെപറ്റിയുള്ള ചർച്ചകൾക്കായി അക്കൗണ്ടിംഗ് സം ഘത്തോടൊപ്പം അദ്ദേഹം മൂന്ന് മണിക്കൂറോളം ചിലവിട്ടു. ഉച്ചഭക്ഷണത്തിനു ശേഷം മാസ്റ്റർ ഗായത്രിയിലേക്ക് പോയി.കോട്ടേജിൽ ചില അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ അദ്ദേഹം ഗായത്രിയിൽ കുറച്ച് ദിവസങ്ങൾ തങ്ങി.അദ്ദേഹത്തിൻെറ പേരക്കിടാവ് മാധുരി ചെന്നൈയിലുണ്ടായിരുന്നതിനാൽ അദ്ദേഹം അവരോടൊപ്പം കുറച്ച് സമയം ചിലവിടാൻ തീരുമാനിച്ചു.തൻെറ ചര്യകൾ എത്ര തന്നെ തിരക്കുള്ളതും കഠിനവുമായാലും ഒരു സന്തുലിത ജീവിതം എങ്ങിനെ നയിക്കണമെന്ന് നമുക്കദ്ദേഹം കാണിച്ചു തരുന്നു.കൂടാതെ അദ്ദേഹത്തിൻെറ കുടുംബത്തോടുള്ള ശ്രദ്ധ നാമേവരും പിന്തുടരേണ്ടൊരു കാര്യമാണ്.

**ഏപ്രിൽ 2013**

ഗായത്രിയിലായിരുന്നപ്പോൾ രാഷ്ട്രീയ പ്രവർത്തകരെങ്ങിനെ തങ്ങളുടെ പദവി സ്വാർത്ഥ താത്പര്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നു എന്നതിനെക്കുറിച്ചു സംസാരമുണ്ടായി. അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങളിൽ മാസ്റ്റർ കടുത്ത നീരസം പ്രകടിപ്പിച്ചു. അഴിമതിയിലും ഉന്നത പദവിയിലിരിക്കുന്നവർ തങ്ങ ളുടെ പദവി ദുരുപയോഗം ചെയ്യുന്നതിലും അദ്ദേഹം വല രെ അസന്തുഷ്ടനായിരുന്നു. ഇപ്രകാരമുള്ള സംഭവങ്ങൾ ഇപ്പോൾ കൂടുതലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒരു ദിവസം ചെറോക്കീയിൽ നിന്നുമൊരു സഹോദരി (അമേരിക്കൻ ഇന്ത്യൻ വംശജ) ഗായത്രിയിൽ വന്നു.അവർ പ്ര ാഥമിക സിറ്റിംഗുകൾ അടുത്തിടെയാണ് എടുത്തത്. മാസ്റ്റർ പറഞ്ഞു, “നിങ്ങളാണ് ആദ്യത്തെ അമേരിക്കൻ ഇന്ത്യൻ അഭ്യാസി. എൻെറയടുത്തേക്ക് വരൂ, നിങ്ങളെ അടുത്ത് കാണുവാൻ ഞാൻ താത്പര്യപ്പെടുന്നു“ . മാസ്റ്റർ അവരുടെ

കണ്ണുകളിലേക്ക് ആഴത്തിൽ നോക്കി. തൻെറ പേര് ഗായത്രിയാണെന്ന് അവർ പറഞ്ഞപ്പോൾ മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "എൻെറ മകൻ കൃഷ്ണക്ക് അഞ്ച് വയസ്സുള്ളപ്പോളാണ് ഞങ്ങളീ വീട് പണിതത്. അത് സഹജമാർഗ്ഗത്തിൽ ചേരുന്നതിനു മുൻപുള്ള കാലമായിരുന്നു, ആ കാലത്ത് ഞങ്ങൾ ഗായത്രി മന്ത്രം ജപിച്ചിരുന്നു.അതിനാൽ ഈ ഭവനമിപ്രകാരം നാമകരണം ചെയ്യപ്പെട്ടു" .

മാസ്റ്റർ അവരുടെ ഇന്ത്യൻ പേരെന്താണെന്നു ചോദിച്ചു. ഞാൻ കൊച്ചു കുഞ്ഞായിരുന്നപ്പോൾ എന്നെ "ലിറ്റിൽ ഡിയർ" എന്നാണു വിളിച്ചിരുന്നതെന്നു അവർ മറുപടി പറഞ്ഞു. മാസ്റ്റർ അവിടെ ഉണ്ടായിരുന്നവരെയെല്ലാം അവർക്കു പരിചയപ്പെടുത്തി കൊടുത്തു. അവരിൽ സ്വന്തം വീട്ടിൽ എന്ന പ്രതീതി ഉളവാക്കാൻ സഹായിച്ചു.

തന്നെ വന്നു കണ്ട മുതിർന്ന ഒരു അഭ്യാസി ദമ്പതികൾ തങ്ങളുടെ മകൻ അമേരിക്കയിലാണെന്നും അയാൾ ഇന്ത്യയിൽ വന്ന് അച്ഛനമ്മമാരെ കാണാൻ താത്പര്യം കാണിക്കുന്നില്ലെന്നും മാസ്റ്ററെ അറിയിച്ചു. തങ്ങൾ അവനെ കാണാൻ അമേരിക്കയിലേയ്ക്ക് പോവാൻ തീരുമാനിച്ചതായും മാസ്റ്ററെ അറിയിച്ചു. ഇതു കേട്ട് ദു:ിതനായ മാസ്റ്റർ അവരുടെ തീരുമാനത്തോട് യോജിച്ചില്ല. "ഇതാണു എൻെറ നിർദ്ദേശം. നിങ്ങൾക്കെന്തു വേണമെങ്കിലും തീരുമാനിക്കാം." മാസ്റ്ററിൽനിന്നും ഇത്തരത്തിലുള്ള നേരിട്ടുള്ള നിർദ്ദേശങ്ങൾ വിരളമാണ്.

ഈ ആഴ്ചയിൽ ഏറെ നേരം തൻെറ പേരക്കുട്ടി മാധുരിയുമൊത്ത് അദ്ദേഹം ചെലവിട്ടു. അവളെ ഒരു ദിവസം മാളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി സമ്മാനങ്ങൾ വാങ്ങിക്കൊടുത്തു. മാസ്റ്റർ ഇവ കൈകാര്യം ചെയ്യുന്ന രീതി ശ്രദ്ദേയമാണ്. വീട്ടിലെ അംഗങ്ങൾക്കായി വാങ്ങിയ എല്ലാ സമ്മാനങ്ങളുടേയും രശീതികൾ ഭദ്രമായി സൂക്ഷിച്ചു വെച്ച ശേഷം അദ്ദേഹം ഇവ സ്നേഹാശീർവാദങ്ങളോടെ വിതരണം ചെയ്തു. അദ്ദേഹം ചെയ്യുന്നതിലെല്ലാം തികഞ്ഞ ശ്രദ്ധയും സൂക്ഷ്മതയും സ്നേഹവും എന്നപോലെ പ്രൗഢിയും പ്രകടമായിരുന്നു

മേയ് 12നു മാധുരി ലണ്ടനിലേയ്ക്ക് പൊയ ശേഷം മാസ്റ്റർ മണപ്പാക്കത്തെ കോട്ടേജിലേയ്ക്ക് വന്നു. അദ്ദേഹത്തിനു വലതു കാലിനും കയ്യിനും തുടർച്ചയായി വേദന അനുഭവപ്പെടുന്നുണ്ടായിരുന്നു. ഏപ്രിൽ പതിനേഴാം തിയ്യതി ബുധനാഴ്ച മാസ്റ്റർ മണപ്പാക്കത്തെ "മിയോട്" ആശുപത്രിയിൽ പോയി സ്കാനിംഗിനു വിധേയനാവുകയും കുറച്ചു കാലം റേഡിയേഷൻ ചികിത്സ വേണ്ടിവരുമെന്നു മനസിലാവുകയും ചെയ്തു. എല്ലായിടത്തും ദു:ഖം തളം കെട്ടി നിന്നിരുന്നുവെങ്കിലും ഇരുപതാം തിയ്യതി ഞായറാഴ്ച്ച സത്സംഗിനു വന്നു മാസ്റ്റർ ഏവരേയും അത്ഭുതപ്പെടുത്തി. സത്സംഗിനു ശേഷം അദ്ദേഹം സഹോ.ചക്രപാണിയുടെ തമിഴ് പ്രഭാഷണം കേട്ടിരുന്നു. മാസ്റ്ററുടെ അനാരോഗ്യം അദ്ദേഹത്തിൻെറ ആദ്ധ്യാത്മികവും ഭരണപരവുമായ ദിനചര്യകളിൽ യാതൊരു തടസവും വരുത്തിയില്ല. വേദനയ്ക്കും മറ്റസൗകര്യങ്ങൾക്കിടയിലും മാസ്റ്റർ പ്രസന്നവദനനായി കാണപ്പെട്ടു. പിന്നീട് സ്കാനിങ്ങിൽ രോഗനിർണ്ണയം സ്ഥിരീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അവശതകളെല്ലാം മാറി മാസ്റ്റർ പൂർണ്ണാരോഗ്യവും കരുത്തുമാർജിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

## മുഡ്നൂരിലെ പുതിയ കേന്ദ്രം വടക്കൻ കർണ്ണാടക

വടക്കൻ കർണ്ണാടകത്തിലെ ചരിത്രപ്രസിദ്ധവും ജലസമൃദ്ധവുമായ മുഡ്നൂരിൽ ഒരു പുതിയ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. പതിനഞ്ചോളം പേർ സത്സംഗിൽ പങ്കെടുക്കുന്ന ഈ കേന്ദ്രത്തിൽ സമീപ പ്ര ദേശങ്ങളിലെ പ്രിഫക്റ്റുമാരാണ് അഭ്യാസികളുടെ വ്യക്തിഗത പരിശീലനത്തിനു സൗകര്യമൊരുക്കുന്നത്. മാർച്ച് 31നു അഭ്യാസികൾക്കായുള്ളള പരിശീലന പരിപാടി സങ്കടിപ്പിച്ചു. മുഡ്നൂരിലെ ഒരു സ്കൂൾ പരിസരത്തു നടത്തിയ പരിപാടിയിൽ അറുപതോളം അഭ്യാസികൾ പങ്കെടുത്തു. രാവിലത്തേയും വൈകുന്നേരത്തേയും സത്സംഗങ്ങൾക്കു പുറമേ സാധനയുമായി ബന്ധപ്പെട്ട പ്രാഥമിക കാര്യങ്ങൾ വിശദമായി വിവരിച്ചു. ഇതിനു ശേഷം ചോദ്യോത്തര വേളയുമുണ്ടായിരുന്നു.

വൈകുന്നേരത്തെ സത്സംഗിനുശേഷം ഒരു തുറന്ന വേദിയും ഒരുക്കിയിരുന്നു. അൻപതോളം പേർ പങ്കെടുത്ത ഇതിൽ സഹോ.ഗജേന്ദ്ര സിംഗ്, സഹോ.മീരാ കുൽകർണ്ണി, സഹോ.രാജു കഷംപുർകർ എന്നിവർ സംസാരിച്ചു. നല്ല പ്രതികരണം ലഭിച്ച ഈ പരിപാടിക്ക് ശേഷം പലരും ധ്യാനം ആരംഭിക്കാൻ ആഗ്രഹിക്കുന്നെണ്ടെന്നറിയിച്ചു.

## അഹമ്മദ് നഗറിലെ മെഡിറ്റേഷൻ ഹാൾ ഉത്ഘാടനം

മാർച്ച് 31നു സോണൽ ഇൻ ചാർജ് സഹോ.അരുൺകുമാർ ചൗഹാൻ പുതിയ മെഡിറ്റേഷൻ ഹാൾ ഉത്ഘാടനം ചെയ്തു സമീപ ജില്ലകളിൽ നിന്നും അഭ്യാസികൾ പങ്കെടുത്ത ഈ പരിപാടി സന്തോഷം നിറഞ്ഞ ഒന്നായിരുന്നു. നൂറോളം അഭ്യാസികളെ ഉൾക്കൊള്ളുന്ന ഈ ഹാൾ സമർപ്പിച്ചത് സഹോ. ഖണ്ഡേശി ആയിരുന്നു. കേന്ദ്രത്തിൻെറ ഭാവി പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുന്നതിന് ഈ ഹാൾ ഉപകരിക്കപ്പെടുമെന്നു കരുതാം.

സത്സംഗിനു ശേഷം ഭജനയോടെ പരിപാടികൾ ആരംഭിച്ചു. നമ്മുടെ പുരോഗതി എളുപ്പത്തിലാക്കുവാൻ സാധനയെ ഭക്തി എങ്ങിനെ സഹായിക്കുന്നു എന്നു വിവരിക്കുന്ന 'ഭക്തി' എന്ന നാടകം അവതരിപ്പിച്ചു. അതിനു ശേഷം ജീവിതത്തിൽ സന്തുലനത്തിൻെറ ആവശ്യവും സഹജമാർഗവും എന്ന വിഷയത്തിൽ തുറന്ന വേദി സങ്കടിപ്പിച്ചു. സഹോ.ഗീതാഞ്ജലി കലെ ലൈബ്രറി ഉത്ഘാടനം ചെയ്തു. നൽകലിലെ മൂല്യം എന്ന വിഷയത്തെക്കുറിച്ചു ഉച്ചയ്ക്കു ശേഷം ലഘുനാടകം അവതരിപ്പിച്ചു. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടികൾ അവസാനിച്ചു.





## ദേശീയതല ഉപന്യാസരചനാ പരിപാടി













പ്രതിവർഷം യു.എൻ.ഐ.സിയും എസ്.ആർ.സി.എമ്മും ദേശീയതലത്തിൽ സംയുക്തമായി നടത്തുന്ന ഈ പരിപാടിയിൽ ഈ വർഷം 9,789 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 1,70,148 വിദ്യാർഥികൾ പങ്കെടുത്തു. ഫെബ്രുവരി 24ന് ദേശീയതല സമ്മാനദാനം ഗോർഗോൺ സോണൽ ആശ്രമത്തിൽ വെച്ച് നടന്നു. ഇന്ത്യയിലെയും ഭൂട്ടാനിലെയും യു. എൻ. ഐ.സി ഡയരക്റ്റർ കിരൺ മെഹ്റ കെർപെൽമൻ ആയിരുന്നു ബഹുമാന്യ അതിഥി. ദേശീയതല വിജയികളായ വിവിയൻ അൻഡ്ര്യൂസും സത്യാർഥ് ശർമയും ഉപന്യാസരചന അവർക്കു നൽകിയ ഉൾക്കാഴ്ചകളെക്കുറിച്ച് വിവരിച്ചത് കാണികളെ ആകർഷിച്ചു.

സോണൽതലത്തിലും വിദ്യാഭ്യാസ സ്ഥാപനതലത്തിലും സമ്മാനദാന ചടങ്ങുകൾ ഇന്ത്യ ഒട്ടാകെ വലിയ ഉത്സാഹത്തോടുകൂടിയാണ് നടത്തിയത്. സഹജമാർഗം സമൂഹത്തിന് പരിചയപ്പെടുത്താൻ അത് ഒരു നല്ല അവസരമായി മാറി.

ഒറീസയിലെ ബുവനേശ്വരിൽ വിജയികളുടെ രക്ഷിതാക്കൾ ഈ പരിപാടി സമാനതകളില്ലാത്തതാണെന്ന് പറഞ്ഞു. സെൻററിൽ അവർക്കു ലഭിച്ച ഊഷ്മളത പ്രശംസിക്കപ്പെട്ടു. മഹാരാഷ്ട്രയിലെ ചന്ദ്രപൂരിൽ മുൻ ധനകാര്യമന്ത്രി ശ്രീ ശാന്താറാംജി പൊത്ദുഖെ ആയിരുന്നു മുഖ്യാതിഥി. സോണൽ ഇൻ ചാർജ് ബ്രദർ രാജേന്ദ്രൻ ജീവിതത്തിൽ അദ്ധ്യാത്മിക പരിശീലനത്തിൻെറ അവശ്യകതയെ കുറിച്ച് പറഞ്ഞു. ഝാർഖണ്ഡിലെ റാഞ്ചിയിൽ പ്രശസ്തനായ ഓർത്തോപെഡിക് സർജൻ ഡോക്ടർ അനിൽ കുമാർ പാണ്ഡെ ആയിരുന്നു മുഖ്യാതിഥി. സെൻറർ ഇൻ ചാർജ് സഹജമാർഗം കാണികൾക്ക് പരിചയപ്പെടുത്തി. ഹൈദ്രബാദിലെ തുംകുണ്ട സോണൽ ആശ്രമത്തിൽ ദേശീയതല, സോണൽതല വിജയികൾക്കുള്ള മെഡലുകളും സർട്ടിഫിക്കറ്റുകളും ശ്രീമതി സുമൻ കപൂർ വിതരണം ചെയ്തു. അവർ ബിറ്റ്സ് പിലാനിയുടെ അന്തർദേശീയ പരിപാടികളുടെ മേധാവിയാണ്. ആന്ധ്ര പ്ര ദേശിലെ ഖമ്മം ആശ്രമത്തിൽ ഡി.ഇ.ഓ ശ്രി വെങ്കട് റെഡ്ഡിയായിരുന്നു മുഖ്യാതിഥി. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ അവശ്യകതയെ കുറിച്ച് പ്രസംഗങ്ങളും ഉണ്ടായിരുന്നു. ആന്ധ്രപ്രദേശിലെ വിജയവാഡ ആശ്രമത്തിൽ സെൻറർ ഇൻ ചാർജ് ജീവിതത്തിൽ അധ്യാത്മിക പരിശീലനത്തിൻെറ അവശ്യകത എന്ന വിഷയത്തിന് പ്രാധാന്യം കൊടുത്തു. തമിഴ്നാട്ടിലെ ദേവക്കോട്ടയിൽ സോണൽതല വിജയിയായ എം.പവിത്രയെ ആദരിക്കാൻ സ്കൂളിൽവെച്ചായിരുന്നു ചടങ്ങ് നടത്തിയത്. ഗുജറാത്തിലെ മഹ്സാനയിൽ സ്കൂൾ തല വിജയികൾക്കും കോളേജ് തല വിജയികൾക്കും വ്യത്യസ്ത ചടങ്ങുകളായിരുന്നു നടത്തിയത്. സഹജ മാർഗത്തിനെപ്പറ്റി കാണികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു.

രാജസ്ഥാനിൽ അൽവർ ആശ്രമത്തിലും രജ്ഗഡിലും വെച്ചായിരുന്നു ആഘോഷം. അൽവാർ ആശ്രമത്തിൽ സെൻട്രൽ അക്കാദമി സീനിയർ ഹയർ സെക്കൻററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി അഞ്ജന സാഹൈ മുഖ്യാതിഥിയും ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എജ്യുക്കേഷൻ ഏൻഡ് ട്രെയ്നിംഗ് പ്ര ിൻസിപ്പാൾ ശ്രീ വിഷ്ണു സ്വാമി വിശേഷാതിഥിയുമായിരുന്നു. പയ്യന്നൂരിൽ ചടങ്ങിൻെറ അദ്ധ്യക്ഷത വഹിച്ച ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ അസ്സോസിയേറ്റ് പ്രൊഫെസ്സർ ഡോ. എ. കെ.സുധർമ്മയായിരുന്നു സമ്മാനങ്ങൾ വിതരണം ചെയ്തത്.

## ഗ്രൗണ്ടിംഗ് ഇൻ പ്രാക്ടീസ് (GITP) പരിശീലന പരിപാടി



ഭാരതത്തിലെ ചില കേന്ദ്രങ്ങളിൽ 'ഗ്രൗണ്ടിംഗ് ഇൻ പ്രാക്ടീസ്'(ജി.ഐ.ടി.പി.) പരിശീലന പരിപാടി, അതിനായി പ്രത്യേക പരിശീലനം ലഭിച്ച, ഫസിലിറ്റേട്ടർമാർ വളരെ ആവേശത്തോടെ നടത്തി. ജിഐടിപിയിൽ നാലു ഭാഗങ്ങളുണ്ട് – ഡയറിയെഴുതൽ, ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന എന്നിവ മുഴുദിന പരിപാടിയായി അവതരിപ്പിക്കുന്നു. സാധനയുടെ ഗുണം കൂടുതൽ ഉണ്ടാക്കുവാനുള്ള ഊന്നൽ നൽകുവാൻ അഭ്യാസികളെ ചെറിയ സംഘങ്ങളായി പരസ്പരം പ്ര വർത്തിക്കുന്ന വിഭാഗങ്ങളും, ആത്മപരിശോധനകളും, മാസ്റ്ററുടെ ഉദ്ധരിണികളും, വിസ്പർ സന്ദേശങ്ങളും പരിപാടികളിൽ ഉൾപ്പെടുത്തിയിരുന്നു.



ഉത്തർപ്രദേശിൽ ലക്നൗ, കാൻപുർ, മായിൻപുരി എന്നിവിടങ്ങളിൽ ഈ പരിശീലന പരിപാടി നടത്തി. അലഹബാദിൽനിന്നും വന്ന ഒരു ഫസിലിറ്റേറ്റർ സംഘം ഫത്തേപൂർ, പ്രതാപ്ഗഡ് എന്നീ സെൻററുകളിൽ ഒരു ത്രിദിന പരിപാടി നടത്തി. ഒറീസയിൽ, ബറോഡയിൽനിന്നും വന്ന വിസിറ്റിംഗ് ഫസിലിറ്റേറ്റർമാർ, ഭുവനേശ്വറിൽ നടത്തിയ ത്രിദിന പരിപാടിയിൽ ഇരുപത് അഭ്യാസികൾ പങ്കെടുത്തു.



ഹൈദരാബാദ് സോണൽ ആശ്രമത്തിൽ തെലുങ്കിൽ നടത്തിയ മൂന്ന് ദിവസങ്ങൾ വീതം ഉണ്ടായിരുന്ന രണ്ടു പരിപാടികളിൽ ഗോദാവരി ഖനി, ശ്രീരാംപുർ, വാറങ്കൽ, ഭോൺഗിർ, ഒെല്ലം പള്ളി, ഘാൻപൂർ, അശ്വപുർ, ഹൈദരാബാദ് എന്നീ സെൻററുകളിൽന്നുള്ള അഭ്യാസികൾ പങ്കെടുത്തു. ഹൈദരാബാദ് ഡൊമാൽഗുട ആശ്രമത്തിൽ ഇതു തെലുഗിൽ ഒരു ഞായറാഴ്ച്ചത്തെ മുഴു ദിന പരിപാടിയായിരുന്നു. വിജയവാഡയിൽ (ആന്ധ്രപ്രദേശ്) ഇതു 100 അഭ്യാസികൾ പങ്കെടുത്ത നാലു ഘട്ടങ്ങളായുള്ള നാലു ദിന പരിപാടിയായിരുന്നു.



കൊൽക്കത്തയിൽ നിന്നും വന്ന ഒരു ഫസിലിറ്റേറ്റർ സംഘം ഒരു ദ്വിദിന പരിപാടി സിലിഗുരിയിലും ബന്ദേലിലും നടത്തി. സമാനമായ പരിപാടികൾ റാനിഗംജിലും ഗാങ്ങ്ടോക്കിലും ഏപ്രിൽ ജൂൺ മാസങ്ങൾക്കിടയിൽ നടത്തപ്പെടും.

ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യ പ്രദേശ് എന്നിവടങ്ങളിലുള്ള എട്ട് സോണുകളിലെ അഭ്യാസികൾക്കായി ഗുജറാത്തിലെ അഹമ്മദാബാദ് അദ്‌ലജ് യോഗാശ്രമത്തിൽ ജി.ഐ.റ്റി.പി. നടത്തപ്പെട്ടു. ഗുജറാത്തിലെ വഡോദരയിലും വത്സാഡിലും ആശ്രമങ്ങളിൽ ദ്വിദിന പരിപാടിയായി ഏതാനും സെഷനുകളും നടത്തപ്പെട്ടു.




എഴുപത് അഭ്യാസികൾക്കായി ഡയറി എഴുത്ത് പരിശീലനപരിപാടി ഉദുമൽപേട്ട ആശ്രമത്തിൽ തമിഴ്നാട്ടിലെ പല ഭാഗങ്ങളിൽനിന്നും വന്ന പതിനൊന്ന് ഫസിലിറ്റേറ്റർമാർ തുടരെയുള്ള രണ്ട് ഞായറാഴ്ച്ചകളിലായി നടത്തി. മധ്യ പ്ര ദേശിലെ ഉജ്ജൈൻ, വിദിഷ, ഇൻഡോർ എന്നിവയടക്കമുള്ള സെൻററുകളിൽ പത്ത് ജി.ഐ.ടി.പി.കൾ ജനുവരി മുതൽ മാർച് വരെ നടത്തി. പരിശീലന പരിപാടികളെല്ലാം നിർദ്ദേശപ്രകാരം നടത്തുകയും അവയെല്ലാം അഭ്യാസികൾ നല്ലപോലെ സ്വീകരിക്കുകയും ചെയ്തത് ഇത്തരം പരിപാടികൾ ഭാവിയിൽ ആസൂത്രണം ചെയ്യുവാൻ പ്രചോദനമായി.





## പാലിയിൽ ശിൽപശാല, രാജസ്ഥാൻ

മാർച്ച് 23–24 തിയതികളിൽ പാലിയിൽ ഏഴ് നഗരങ്ങളിൽ നിന്നുമുള്ള 115 അഭ്യാസികൾക്കായി ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. സാധനയെ ആസ്പദമാക്കിയായിരുന്നു ഈ പരിപാടി. രാവിലത്തെ സത്സംഗത്തിനുശേഷം മാസ്റ്ററുടെ ഒരു വീഡിയോ പ്രദർശിപ്പിച്ചു. 'ലക്ഷ്യം' എന്ന വിഷയത്തെ അധികരിച്ച് പ്രദർശനങ്ങളും കളികളും സംഘടിപ്പിച്ചു. സംഘംതിരിച്ചു നടത്തിയ ചർച്ചകളിൽ അഭ്യാസികൾ തങ്ങളുടെ സാധനയിൽ നേരിടുന്ന പ്രശ്നങ്ങൾ മറ്റുള്ളവരുമായി പങ്കിട്ടു. വൈകുന്നേരത്തെ സത്സംഗത്തോടു കൂടി അന്നത്തെ പരിപാടി അവസാനിച്ചു.

രണ്ടാം ദിവസം, മാസ്റ്ററുടെ വീഡിയോ പ്രദർശനത്തോടെ ആരംഭിച്ച പരിപാടിയിൽ തുടർന്ന് ദശസൂക്തങ്ങളെക്കുറിച്ച് ചർച്ച നടത്തി. ശിൽപശാലയുടെ ഭാഗമായി ഭജൻ ആലാപനവും ഓടക്കുഴൽ വായനയും ഉണ്ടായിരുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ മാസ്റ്ററുടെ പങ്കിനെക്കുറിച്ചുള്ള അഭ്യാസികളുടെ ചോദ്യങ്ങൾക്ക് പ്രിഫക്റ്റുകൾ മറുപടി നൽകി. വൈകുന്നേരത്തെ സത്സംഗത്തോടു കൂടി പരിപാടി അവസാനിച്ചു.

## പമ്മാരുവിൽ മുഴുദിന പരിപാടി, ആന്ധ്രപ്രദേശ്

കൃഷ്ണ ജില്ലയുടെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന പമ്മാരു എന്ന ഗ്രാമം വിജയവാഡയിൽ നിന്നും 30 കി.മി അകലെയാണ്. 2009–ൽ സെൻറർ തുടങ്ങിയപ്പോൾ ഉണ്ടായിരുന്ന രണ്ട് അഭ്യാസികളിൽ നിന്നും ഇപ്പോൾ 120 അഭ്യാസികളായി ഈ സെൻറർ വളർന്നിരിക്കുന്നു.

വിജയവാഡ സെൻററിൻെറ സഹായ സഹകരണത്തോടെ ഈ സെൻററിലെ അഭ്യാസികൾ മാർച്ച് 31–ന് 180 അഭ്യാസികൾ പങ്കെടുത്ത ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. വിജയവാഡ സെൻറർ ഇൻ ചാർജായ സഹോ. കെ.വി.സുബ്ബറാവു തൻെറ ഉത്ഘാടന പ്രസംഗത്തിൽ നിത്യേനയുള്ള സാധനയുടെയും വെള്ളിയാഴ്ച മാസ്റ്റർ നൽകുന്ന സിറ്റിംഗിൻെറയും പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞു. പ്രിഫക്റ്റുകൾ ഇല്ലാത്ത സെൻററുകളിലെ അഭ്യാസികൾക്ക് അതെങ്ങനെ സഹായകരമാവുന്നു എന്ന് അദ്ദേഹം വിശദീകരിച്ചു. ഏപ്രിലിൽ നടക്കാനിരിക്കുന്ന ഭാണ്ഡാരയെക്കുറിച്ചുള്ള പല കാര്യങ്ങളും ചർച്ചചെയ്തു.

## സഹോദരിമാരുടെ പരിപാടി, റായ്പൂർ, ഛത്തീസ്ഗഢ്

റായ്പൂർ ആശ്രമത്തിൽ എല്ലാ മാസത്തിലേയും അവസാന ഞായറാഴ്ചത്തെ പരിപാടി സഹോദരിമാരാണ് സംഘടിപ്പിക്കുന്നത്. 'മനുഷ്യ പരിണാമത്തിൽ ഗുരുവിൻെറ പങ്ക്' എന്ന ഗ്രന്ഥത്തിലെ 'അനുസരണ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ചർച്ച മാർച്ച് 31–ന് നടത്തിയ പരിപാടിയിൽ സംഘടിപ്പിച്ചു. മാസ്റ്ററോടുള്ള അനുസരണ എങ്ങനെ സാധ്യമാക്കാം എന്ന ചോദ്യത്തിനും അതിനെക്കുറിച്ച് ആത്മപരിശോധന നടത്തുവാനും ഉള്ള ഒരു അവസരമായി അത്. ഗ്രൂപ്പു തിരിച്ചുള്ള ചർച്ചയ്ക്കുശേഷം ആധ്യാത്മിക പുരോഗതി കൈവരിക്കാൻ അനുസരണ അത്യന്താപേക്ഷിതമാണെന്നും അതിനായി ദശസൂക്തങ്ങൾ കൃത്യമായി പാലിക്കണമെന്നും എല്ലാവരും അഭിപ്രായപ്പെട്ടു. ഈ പരിപാടി അഭ്യാസികൾക്ക് വളരെയധികം പ്രചോദനമേകി.

## ഭിൽവാഡയിലെ മുഴുദിന പരിപാടി, രാജസ്ഥാൻ

132 അഭ്യാസികൾ പങ്കെടുത്ത സത്സംഗത്തോടുകൂടിയാണ് മാർച്ച് 3–ന് നടത്തിയ പരിപാടി ആരംഭിച്ചത്. ഷാജഹാൻപുരിൽ നടന്ന ഹിന്ദി പരിശീലന പരിപാടിയിൽ പങ്കെടുത്ത ഒരു സഹോദരി തൻെറ അനുഭവം പങ്കിട്ടു.

'ഭണ്ഡാര'യായിരുന്നു അന്നത്തെ വിഷയം. ജീവിതത്തിൽ യഥാസമയം ശരിയായ തീരുമാനങ്ങൾ എടുക്കേണ്ടതിൻെറ ആവശ്യകതയെ ഊന്നി യുവാക്കൾ ഒരു ഹ്രസ്വനാടകം അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ അഭ്യാസികൾ ഭണ്ഡാരയെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാട് പങ്കുവെച്ചു. ഗുരുകൃപ ഏറ്റവും കൂടുതൽ ലഭിക്കുന്ന ദിനമാണ് ഭണ്ഡാരയെന്നും അതിൽ പങ്കെടുക്കുന്നവർക്കിടയിൽ സാഹോദര്യം വളരുമെന്നും അവർ അഭിപ്രായപ്പെട്ടു. ഭണ്ഡാരയെ അധികരിച്ചുള്ള 'വിസ്പേർസ്' സന്ദേശങ്ങൾ വായിക്കുകയും ഒരു വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു. സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.






## യുവാക്കൾക്കായുള്ള പരിപാടി, നാസിക്, മഹാരാഷ്ട്ര

'നേതൃത്വം' എന്ന വിഷയത്തെ അധികരിച്ച് മാർച്ച് 24-ാം തിയതി നാസിക്കിലെ ആർട്ടിലറി സെൻററിലെ ഓഫീസറായ ലെഫ്.കേണൽ സുധീർ പരാഷർ ഇരുപത്തിയഞ്ചോളം വരുന്ന അഭ്യാസികൾക്കായി ഒരു പരിപാടി നടത്തി. ഒരു നേതാവാകുന്നതിനെക്കുറിച്ചും ആവശ്യമായ നേതൃത്വഗുണത്തെക്കുറിച്ചും പങ്കെടുത്ത ഏവരും തങ്ങളുടെ അഭിപ്രായങ്ങൾ വിശദീകരിച്ചു. ഉത്തമനായ ഒരു നേതാവ് എല്ലായ്പ്പോഴും ഒരു മാതൃകയാകണമെന്ന് അഭിപ്രായ സമന്വയമുണ്ടായി. സേനാ നേതൃത്വത്തിൽനിന്നും ഉൾക്കൊള്ളാവുന്ന പാഠങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു അവതരണവുമുണ്ടായി.

സഹജമാർഗ പരിശീലിക്കുന്ന യുവാക്കൾ എപ്രകാരം സമാധാനത്തിൻേറയും ഒത്തൊരുമയുടേയും പതാകവാഹകരാകണമെന്ന് മാസ്റ്റർ ആഗ്രഹിക്കുന്നുവെന്ന് വിശദീകരിക്കപ്പെട്ടു. പ്രചോദനാത്മകമായ ഭാഗങ്ങളും നിത്യജീവിതത്തിൽ നിന്നുള്ള ഉദാഹരണങ്ങളും പങ്കെടുത്തവരിൽ മങ്ങാത്ത ധാരണയുണ്ടാക്കി. ഒരു നായകൻ വഴി കാണിക്കുക മാത്രമല്ല, ആ പാതയിലൂടെ നടന്ന് അന്തിമമായി ആ പാതയായി മാറുന്നവനാണ് എന്ന മാസ്റ്ററുടെ വചനം ഏവരും ഓർത്തു. പ്രിയ മാസ്റ്ററുടെ പ്രത്യാശയ്ക്കൊപ്പം ഉയരുവാൻ ശ്രമിക്കുമെന്ന് എല്ലാവരും തീരുമാനിച്ചു.

## യുവാക്കൾക്കായുള്ള പരിപാടി, വെസ്റ്റ് ബംഗാൾ

മാർച്ച് 17-ാം തിയതി പതിനഞ്ചു യുവ അഭ്യാസികൾക്കായി കൊൽക്കത്ത സെൻറർ ഒരു പരിപാടി നടത്തി. പരിപാടിയുടെ ലക്ഷ്യത്തെപ്പറ്റി വിശദീകരിച്ചതിനുശേഷം പങ്കെടുത്ത ഏവരും സ്വയം പരിചയപ്പെടുത്തി. 'ജീവിതത്തിലെ ആവശ്യങ്ങളും ആഗ്രഹങ്ങളും' എന്ന വിഷയത്തെപ്പറ്റിയുള്ള മാസ്റ്ററുടെ പ്രഭാഷണത്തിൻെറ കോപ്പി എല്ലാവർക്കും വിതരണം ചെയ്തു. ആ പ്രഭാഷണത്തെപ്പറ്റി ഓരോരുത്തരും മനസ്സിലാക്കിയത് പിന്നീട് ചർച്ച ചെയ്തു.

ആവശ്യങ്ങളും ആഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസം, ശാരീരികവും മാനസികവും വികാരപരവുമായ വിവിധ തരത്തിലുള്ള ആവശ്യങ്ങൾ, എപ്രകാരം ഒരുവൻ ആവശ്യങ്ങളിൽ നിന്നും ആഗ്രഹത്തിലേയ്ക്ക് വഴി മാറുന്നു, ദൈവവുമായി ബന്ധപ്പെടുക എന്ന ആവശ്യത്തിന് സഹജമാർഗം എങ്ങനെ സഹായിക്കുന്നു തുടങ്ങിയ പ്രധാന വസ്തുതകൾ ചർച്ചാ വിഷയമായി.

## കുടുംബസദസ്സ്, ഗുവഹാട്ടി, ആസ്സാം

ഗുവഹാട്ടി സെൻററിലെ 37 അഭ്യാസികൾ ഒരു അഭ്യാസിയുടെ വീട്ടിൽ ഒത്തുകൂടി. സത്സംഗത്തിനുശേഷം സെൻററിലെ വളൻറിയർ ജോലിയെക്കുറിച്ച് ചർച്ച ചെയ്തു. 2012-ലെ പ്രബന്ധ രചനയെക്കുറിച്ച് അവലോകനം നടത്തി. അടുത്ത വർഷത്തിൽ നടത്തുന്ന പ്രബന്ധരചനകളിൽ പങ്കെടുക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉത്തേജിപ്പിക്കുന്നതിനാവശ്യമായ നടപടികളെ കുറിച്ച് വിശദീകരണം നൽകി. ആശ്രമത്തിലെ സൗകര്യങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുവാനായി എല്ലാ മാസവും പുതിയ അഭ്യാസികൾക്കായി വിശദീകരണ യോഗങ്ങൾ നടത്തുവാനും തുറന്ന സദസ്സുകൾ നടത്തുവാനും തീരുമാനിച്ചു.

തങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയ്ക്ക് സഹായകമാകുന്നതിനായി മാസ്റ്ററുടെ പ്രവർത്തികളിൽ പങ്കാളികളാകുന്നതിൻെറ ആവശ്യകത ചർച്ച ചെയ്തു. അപ്രകാരം പങ്കെടുക്കുന്നതുകൊണ്ട് ഒരുവന് സഹിഷ്ണുത, സാഹോദര്യം, അനുസരണ തുടങ്ങിയവ വളർത്തുവാനും, പ്രത്യേക പ്രയത്നം കൂടാതെ ആദ്ധ്യാത്മിക യാത്രയിൽ ആവശ്യമുള്ള നിരന്തര സ്മരണ വളർത്തുവാനും കഴിയുമെന്ന് വിശദീകരിച്ചു. അഭ്യാസികളുടെ ഇടയിൽ സാഹോദര്യം വളർത്തുവാൻ ഈ ഒത്തുചേരൽ സഹായിച്ചു.



## യുവാക്കൾക്കായുള്ള പരിപാടി, ഭിൽവാഡ, രാജസ്ഥാൻ



'ലക്ഷ്യം' എന്ന വിഷയത്തെ അധികരിച്ച് യുവാക്കൾക്കായി മാർച്ച് 24 ന് നടത്തിയ ഒരു പരിപാടിയിൽ 16 അഭ്യാസികൾ പങ്കെടുത്തു. മനുഷ്യ ജീവിതത്തിൻെറ ലക്ഷ്യം, ആദ്ധ്യാത്മിക പരിശീലനത്തിൽ ഒരു ഗുരുവിൻെറ പ്രാധാന്യം, ധ്യാനത്തിൻെറ ആവശ്യകത, ശുദ്ധീകരണ പ്രക്രിയ, പ്രാർത്ഥനയുടെ പ്രാധാന്യം, നിരന്തരസ്മരണ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഉള്ള ചോദ്യോത്തരവേള ഈ പരിപാടിയുടെ പ്രധാനഘടകമായിരുന്നു. 'സഹജമാർഗത്തിൻെറ പ്രധാന തത്വം' എന്ന പുസ്തകത്തിൽനിന്നും പ്രസക്തഭാഗങ്ങൾ വായിച്ചു. സഹജമാർഗ തത്വങ്ങൾ എന്താണെന്നും, ശരിയായ രീതിയിലാണോ മനസ്സിലാക്കിയിട്ടുള്ളത് എന്നും വിശകലനം ചെയ്യുവാൻ ഈ ചർച്ചകൾ ഉപകരിച്ചു.

മാർച്ചിലെ അവസാനത്തെ ഞായറാഴ്ച ധ്യാനത്തിനുശേഷം യുവാക്കളുടെ ഒരു മീറ്റിംഗ് നടത്തി. മിഷൻെറ പ്രവർത്തനങ്ങളിൽ യുവാക്കളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിന് വേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ ഞായറാഴ്ചയും ധ്യാനത്തിനുശേഷം തുടർന്ന് നിൽക്കുവാൻ അഭ്യാസികൾ തീരുമാനിച്ചു. പരിശീലനത്തിൽ കൃത്യത ഇല്ലാത്ത അഭ്യാസികളെ സന്ദർശിക്കുവാനും സഹജമാർഗത്തിലേയ്ക്ക് അവരെ പരിചയപ്പെടുത്തിയ അഭ്യാസികളുടെ സഹായം തേടുവാനും തീരുമാനിച്ചു. പരിശീലനത്തിൽ അവരനുഭവപ്പെടുന്ന പ്രയാസങ്ങൾ ഒഴിവാക്കി ഉത്സാഹപൂർവ്വം പരിശീലനം തുടരുവാൻ ഇതുകൊണ്ട് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## പുതിയ പ്രസിദ്ധീകരണങ്ങൾ



HeartSpeak 2010

Telugu
Tamil
Marathi
Malayalam
Kannada
Hindi
Gujarati

## പുതിയ നിയമനങ്ങൾ


സഹോ.ജനനി സുബ്രമണ്യൻ

മാനേജർ-HRD- മിഷൻ ഹെഡ് ക്വാർട്ടേർസ്


സഹോ.ഇന്ദുശേഖരൻ വി. പിള്ള

സി.ഐ.സി. തിരുവനന്തപുരം.

---



Whispers from The Brighter World
A Fifth Revelation




My Master
Tamil, Hindi



Role of the Master in Human Evolution
Marathi, Kannada, Malayalam




HeartSpeak 2012
English




HeartSpeak 2008
Kannada


---




Down Memory Lane
Vol1 Telugu





Complete Works of Ram Chandra
(Lalaji Maharaj) Vol 2
English




The Spider's Web - Vol 2
English





English





Role of the Master in Human Evolution
MP3 - English


---





Call of the Divine
DVD - English





Life of Babuji
DVD - Hindi





Journey into the Heart
DVD - English




HeartSpeak 2011
DVD - English





The Heart of Love
DVD - English





Satkhol - Heaven on Earth
DVD - English


---




Moments with the Beloved
DVD - English




Message of the Heart
DVD - English




Love and Death
MP3 - English




My Master
MP3 - English, Hindi, Tamil




HeartSpeak 2007
MP3 - English

# പ്രകാശകേന്ദ്രം

## അമലാപുരം ആശ്രമം, ആന്ധ്രാപ്രദേശ്



ആന്ധ്രാപ്രദേശിലെ കിഴക്കേ ഗോദാവരി ജില്ലയിലെ ഒരു ചെറിയ പട്ടണമായ അമലാപുരം രാജമുണ്ഡ്രി പട്ടണത്തിൽനിന്നും 60കി.മി. ദൂരെയാണ്. കാക്കിനാഡയും രാജമുണ്ഡ്രിയുമാണ് അമലാപുരത്തെ ബന്ധിപ്പിക്കുന്ന പ്രധാന നഗരങ്ങൾ. ഇവിടത്തെ ആശ്രമം ഇന്ത്യയിലെ പുരാതന ആശ്രമങ്ങളിൽ ഒന്നും ആന്ധ്രപ്രദേശിലെ മൂന്നാമത്തേതുമാണ്. നാലു പതിറ്റാണ്ടുകളായി ആദ്ധ്യാത്മികതയുടെ ഒരു കേന്ദ്രമായി ഈ ആശ്രമം നിലകൊള്ളുന്നു. 1971ൽ ഈ സെൻറർ നിലവിൽ വന്നു. 1969ൽ മിഷനിൽ ചേർന്ന പി.ബി.രാമുഡു തൻെറ സുഹൃത്ത് ഡോ.അപ്പാരി രാമകൃഷ്ണയെ സഹജമാർഗ പരിശീലനം തുടങ്ങുവാൻ പ്രേരിപ്പിക്കുകയും അപ്രകാരം ഇവിടെ ഒരു സെൻറർ തുടങ്ങുകയും ചെയ്തു. സെൻററിലെ ആദ്യ പ്രിസപ്റ്റർ ആയി തിരഞ്ഞെടുത്തത് ഡോ.അപ്പാരി രാമകൃഷ്ണയെ ആയിരുന്നു. 15–20 അഭ്യാസികൾ പങ്കെടുക്കുന്ന സത്സംഗം അദ്ദേഹത്തിൻെറ വീട്ടിൽ വെച്ചാണ് നടത്താറുണ്ടായിരുന്നത്. ആശ്രമ നിർമ്മാണത്തിനായി അമലാപുരം മുൻസിപ്പാലിറ്റിയിൽ 484ച. അടിയുള്ള ഒരു സ്ഥലം അദ്ദേഹം നിർദ്ദേശിക്കുകയും, ബാബുജി മഹരാജിൻെറ അനുവാദം ലഭിച്ചതിനുശേഷം ആ സ്ഥലം വാങ്ങുകയും ചെയ്തു. അഭ്യാസികളുടെ ഉദാരമായ സംഭാവനകൾ ഇതിന് സഹായകമായി. ഗവർമെൻറ് ബസ് കോമ്പ്ലക്സിൽനിന്നും 1 കി.മി ദൂരെയാണ് ഈ സ്ഥലം.

1982 മാർച്ച് 10–30 തിയതി ആശ്രമ കെട്ടിട നിർമ്മാണത്തിനായി സെൻറർ ഇൻ ചാർജ് ശ്രീ. വി.പി.ഡി. നാഗേശ്വർ തറക്കല്ലിട്ടു. പതിനെട്ടു മാസങ്ങൾ കൊണ്ട് ആശ്രമ നിർമ്മാണം പൂർത്തിയായി. ആശ്രമം ഉദ്ഘാടനം ചെയ്തുവെന്നും ആശ്രമം ഉപയോഗിക്കാമെന്നും ബാബുജിയിൽനിന്നും നിർദ്ദേശം ലഭിച്ച ശേഷം ധ്യാനത്തിനായി ഉപയോഗിക്കുവാൻ തുടങ്ങി. പിന്നീട് തൻെറ സന്ദർശനവേളയിൽ സഹോ. കസ്തൂരി ഔദ്യോഗികമായി ഉത്ഘാടനം നടത്തി.

22–32 അടിയാണ് ധ്യാനഹാളിൻെറ വലുപ്പം. 9 അടിയുള്ള ഇടനാഴിയും ഇതിലുൾപ്പെടുന്നു. നാലു മൂലകളിലായി നാലു വാതിലുകളും മുകളിലെ നിലയിൽ രണ്ടു മുറികളുമുണ്ട്. ഈ മുറികൾ കുട്ടികളുടെ സെൻറർ, ഗ്രന്ഥശാല, ആശ്രമം ഓഫീസ് എന്നീ ആവശ്യത്തിനായി ഉപയോഗിക്കുന്നു. മാസ്റ്ററുടെ അനുവാദത്തോടെയും സി.ഐ.സി. സഹോ.മാധു കോത്തപ്പള്ളിയുടെ സഹകരണത്തോടെയും ആശ്രമ കെട്ടിടം 2010–11ൽ പുതുക്കി പണിതു. അടുക്കള, ശൗചാലയങ്ങൾ തുടങ്ങിയവ കൂട്ടിച്ചേർത്തു. ഞായറാഴ്ച്ചയിലെ സത്സംഗത്തിൽ 80 ഓളം അഭ്യാസികൾ പങ്കെടുക്കാറുണ്ട്. എല്ലാ രണ്ടാമത്തെ ഞായറാഴ്ച്ചയും മുഴുദിന പരിപാടികൾ ആശ്രമത്തിൽ നടത്താറുണ്ട്. സെൻററിൽ രണ്ടു പ്രിഫക്റ്റുമാരുണ്ട്.

റസോൾ, ജഗതപ്പെട്ട, സരസാപൂർ, യാനം തുടങ്ങിയ സെൻററുകൾ ഈ ആശ്രമത്തിന് അടുത്തായുണ്ട്. 1988 ഏപ്രിൽ 16–30 തിയതി തൻെറ ഭാര്യ സഹോ. സുലോചനയുമൊത്ത് മാസ്റ്റർ ഈ ആശ്രമം സന്ദർശിക്കുകയും രണ്ടു ദിവസം താമസിക്കുകയും ചെയ്തു.






To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.